**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ സീനിയർ ക്ലാർക്കായ ശ്രീ.എ. നാസർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ-495/2016 ലുള്ള വിധിന്യായം- ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ. (സാധാ) നം.1519/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,10.05.2017

---

പരാമർശം:- 1. ശ്രീ.എ. നാസറിന്റെ 01.03.2015 ലെ അപ്പീൽപെറ്റീഷൻ. .

2. ബഹു.കേരള അഡ് മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ-495/2016 ലുള്ള 04.03.2016 ലെ ഉത്തരവ്.

3. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 22.09.2016 ലെ എ 1/8732/15/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗ് മാവേലിക്കര സബ്ഡിവിഷനിൽ സീനിയർ ക്ലാർക്കായ ശ്രീ.എ. നാസറിന് ഇറിഗേഷൻ വകുപ്പിൽ എൽ.ഡി. ക്ലാർക്കായി ജോലി ചെയ്ത വരവേ ഫോറസ്റ്റ് ഗാർഡ്, എൽ.ഡി. ക്ലാർക്ക് എന്നീ സർവ്വീസുകൾ ചേർത്ത് ഒന്നാമത്തെ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചതിൽ ആഡിറ്റ് തടസ്സം ഉന്നയിച്ചതിനെത്തുടർന്ന് തുക തിരിച്ചുപിടിക്കുന്നതിനെതിരേ ടിയാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ-495/2016 ലുള്ള പരാമർശം(2) വിധിന്യായത്തിൽ ടിയാൻ ഒന്നാം കക്ഷിയായ സർക്കാർ മുൻപാകെ ഫയൽ ചെയ്ത പരാമർശം(1) അപ്പീൽ പെറ്റീഷൻ പരിശോധിച്ച്, അപേക്ഷകനെ നേരിൽ കേട്ടശേഷം നാല് മാസത്തിനകം തീരുമാനമെടുക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി.

2. 01.07:2007 മുതലുള്ള ഒന്നാം സമയബന്ധിത ഹയർഗ്രേഡ് നിലനിർത്തിയും നിലവിൽ ടിയാന് ലഭിച്ചുകൊണ്ടിരിക്കുന്ന അടിസ്ഥാന ശമ്പളം നിലനിർത്തിയും ഉത്തരവാകണമെന്നായിരുന്നു പരാമർശം (1) അപ്പീൽപെറ്റീഷനിൽ ടിയാൻ ആവശ്യപ്പെട്ടിരുന്നത്.

3. തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുൻപ് ശ്രീ. നാസർ ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ ഓഫീസിന്റെ കീഴിലുള്ള കുട്ടനാട് ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസിൽ എൽ.ഡി. ക്ലാർക്കായി ജോലി ചെയ്തു വരികയും അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തൃശ്ശൂർ നടത്തിയ ഓഡിറ്റിൽ 01.07.2007 മുതൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചതിൽ ആഡിറ്റ് തടസ്സമുന്നയിക്കുകയും ശമ്പളം പുന:നിർണ്ണയിച്ച് തെറ്റായി വാങ്ങിയ തുക തിരിച്ചടക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിനെത്തുടർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതിന് ജലസേചന വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി.

4. കോടതി നിർദ്ദേശത്തിനനുസൃതമായി 04.11.2016-ൽ അപേക്ഷകനെ തദ്ദേശസ്വയംഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗ് വേളയിൽ അപേക്ഷകൻ ചുവടെ പരാമർശിക്കുന്ന വാദമുഖങ്ങൾ ഉന്നയിച്ചു.

(i) ഫോറസ്റ്റ് ഗാർഡ്, എൽ.ഡി. ക്ലാർക്ക് എന്നീ സർവ്വീസുകൾ ചേർത്താണ് ഒന്നാമത്തെ

സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചത്

(ii) പ്രവേശന തസ്തികയിൽ അനുവദിച്ചതും ഇൻക്രിമെന്റിന് കണക്കിലെടുത്തതുമായ സർവ്വീസ് സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനായുള്ള യോഗ്യസർവ്വീസായി പരിഗണിക്കേണ്ടതാണ്.

(iii) ഫോറസ്റ്റ് ഗാർഡും എൽ.ഡി. ക്ലാർക്കും ഒരേ ശമ്പള സ്കെയിലുള്ള തസ്തികകളാണ്. ആയതിനാൽ ആഡിറ്റ് റിപ്പോർട്ടിലെ തടസ്സവാദം നിലനിൽക്കുന്നില്ല.

5. ശ്രീ.എ. നാസർ 05.04.1999-ൽ ഫോറസ്റ്റ് ഗാർഡായി ജോലിയിൽ പ്രവേശിക്കുകയും വനംവകുപ്പിൽ നിന്നും 15.01.2002-ൽ വിടുതൽ ചെയ്ത് 16.01.2002-ൽ ജലസേചന വകുപ്പിൽ എൽ.ഡി ക്ലാർക്കായി ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. ടിയാന്റെ ഫോറസ്റ്റ് ഗാർഡ്, എൽ.ഡി ക്ലാർക്ക് എന്നീ തസ്തികകളിലെ സർവ്വീസുകൾ ചേർത്താണ് 01.07.2007-ൽ ഒന്നാമത്തെ സമയബന്ധിത ഹയർഗ്രേഡ് (8 വർഷം) അനുവദിച്ചിട്ടുള്ളത്. ആഡിറ്റ് തടസ്സം അനുസരിച്ച് എൽ.ഡി. ക്ലാർക്ക് ആയി സർവ്വീസിൽ പ്രവേശിച്ച 16.01.2002 മുതൽ 8 വർഷം പൂർത്തിയാക്കിയാലേ ഒന്നാമത്തെ ഹയർഗ്രേഡിന് അർഹതയുള്ളൂ എന്നതാണ്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 08.08.2008-ലെ 46/2008/Fin നമ്പർ സർക്കുലർ ഖണ്ഡിക 3,4,7 പ്രകാരം, ശ്രീ. നാസർ ജലസേചന വകുപ്പിൽ എൽ.ഡി.ക്ലാർക്ക് ആയി ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ടിയാന്റെ പ്രവേശന തസ്തിക എൽ.ഡി.ക്ലാർക്ക് ആണ്. അതിനാൽ ടിയാന് ആദ്യ സമയബന്ധിത ഹയർഗ്രേഡ് 16.01.2002 മുതൽ 8 വർഷം പൂർത്തിയാകുന്ന തീയതിയിൽ മാത്രമേ അനുവദിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ, ഫോറസ്റ്റ് ഗാർഡ് തസ്തികയിലെ സേവനകാലം കൂടി കണക്കിലെടുത്ത് ജലസേചന വകുപ്പിൽ 01.07.2007 പ്രാബല്യത്തിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച നടപടി ക്രമപ്രകാരമല്ല.

7. മേൽ സാഹചര്യത്തിൽ, ശ്രീ. എ. നാസറിന് 01.07.2007 പ്രാബല്യത്തിൽ സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച ജലസേചന വകുപ്പിന്റെ നടപടിക്കെതിരെ ഉന്നയിച്ച അക്കൗണ്ടന്റ് ജനറലിന്റെ തടസ്സവാദം നിലനിൽക്കുന്നതാണ്. ആകയാൽ പരാമർശം(1) അപ്പീൽ പെറ്റീഷനിലെ ആവശ്യം നിരാകരിച്ച് കൊണ്ടും ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04.03.2016 ലെ വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

സെക്രട്ടറി

1. ശ്രീ. നാസർ, സീനിയർ ക്ലാർക്ക് (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖാന്തിരം)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (സേവന പുസ്തകം സഹിതം)
3. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
4 അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം.
5 ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ്, തിരുവനന്തപുരം.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.